Jagratha - 059

Vol-II, N0:25
31 - 07 - 2008

*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാനവാർത്തകൾ

*01. സീരിയലുകൾ സഭാ വിശ്വാസത്തെ വ്രണപ്പെടുത്തുന്നു: ഐക്യ-ജാഗ്രതാ കമ്മീഷൻ*
*02. ദയാവധവും ആത്മഹത്യയും മനുഷ്യാവകാശമല്ല: കെ.സി.ബി.സി ഫാമിലി കമ്മീഷൻ*
*03. കൂടുതൽ കുട്ടികൾ ദ്രോഹമായി ചിത്രീകരിക്കുന്നത് അവഹേളനം : മാർ ആനിക്കുഴിക്കാട്ടിൽ*
*04. സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാമൂഹ്യ നീതി നടപ്പാക്കുന്നതിൽ കത്തോലിക്കാ സഭ ഒരുപടി മുന്നിൽതന്നെ: ഐക്യ-ജാഗ്രതാ കമ്മീഷൻ*
*05. സമരങ്ങൾ അക്രമരഹിതമാകണം: കെ.സി.വൈ.എം*
*06. ഈശ്വരനിന്ദ വളർത്താൻ സംഘടിതശ്രമം: ബിഷപ് ഗീവർഗീസ് മാർ ദിവന്നാസിയോസ്*
*07. പ്രക്ഷോഭം ശക്തമാക്കും: കെ.സി.ബി.സി മദ്യവിരുദ്ധ സമിതി*

### 01. സീരിയലുകൾ സഭാ വിശ്വാസത്തെ വ്രണപ്പെടുത്തുന്നു: ഐക്യ-ജാഗ്രതാ കമ്മീഷൻ

അടുത്ത നാളുകളിലായി ദൃശ്യ മാധ്യമങ്ങളിൽ വരുന്ന പല സീരിയലുകളും സഭയുടെ വിശ്വാസത്തെ വ്രണപ്പെടുത്തുന്നതാണെന്ന് ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. ജോണി കൊച്ചുപറമ്പിൽ അഭിപ്രായപ്പെട്ടു. "വേളാങ്കണ്ണി മാതാവ് ", "സെന്റ് ആന്റണീസ്" തുടങ്ങിയ പല സീരിയലുകൾക്കും സഭയുടെ യഥാർത്ഥ ചരിത്രവുമായി ബന്ധമില്ല. ഇത്തരം സീരിയലുകൾ അബദ്ധസിദ്ധാന്തങ്ങളും അന്ധവിശ്വാസങ്ങളും പ്രചരിപ്പിക്കുകയും സാധാരണ വിശ്വാസികളിൽ ആത്മീയ ഇടർച്ചയും ചിന്താക്കുഴപ്പവും ഉണ്ടാക്കുകയും ചെയ്യുന്നു. സാമ്പത്തിക നേട്ടത്തിനായി വിശുദ്ധരുടെ ജീവിതത്തെ ദുരുപയോഗം ചെയ്യുവാനുള്ള പ്രവണത നിർമ്മാതാക്കളിൽ വർദ്ധിച്ചുവരികയാണ്. വിശുദ്ധരുടെ വിശുദ്ധ ജീവിതത്തെ അടിസ്ഥാനമാക്കാതെ അവരെ വെറും അത്ഭുതപ്രവർത്തകരും കാര്യസാധ്യത്തിനുള്ള ഉപകരണങ്ങളുമായി അധഃപതിപ്പിക്കുകയുമാണ് ചെയ്യുന്നത്. വിശുദ്ധരുടെ ജീവിതം സാങ്കൽപികമല്ല, യാഥാർത്ഥ്യമാണ്. നിർമ്മാതാക്കളുടെ ഭാവനയ്ക്കനുസരിച്ച് മാറ്റിമറിക്കാവുന്നതല്ല അത്. ധാർമിക മൂല്യങ്ങളെ ഉയർത്തിക്കാണിക്കുന്ന രീതിയിലാവണം സീരിയലുകൾ നിർമ്മിക്കേണ്ടത്. ചരിത്രത്തെ വളച്ചൊടിക്കാത്ത രീതിയിൽ, സഭാ വിശ്വാസികളുടെ ആത്മീയ വളർച്ചയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ സീരിയലുകൾ അവതരിപ്പിക്കുവാൻ നിർമ്മാതാക്കൾ തയ്യാറാവണമെന്ന് ഐക്യ-ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ആവശ്യപ്പെട്ടു.

### 02. ദയാവധവും ആത്മഹത്യയും മനുഷ്യാവകാശമല്ല: കെ.സി.ബി.സി ഫാമിലി കമ്മീഷൻ

ആത്മഹത്യയും ദയാവധവും മനുഷ്യാവകാശമാണെന്നും അവ നിയമവിധേയമാക്കണമെന്നുമുള്ള കേന്ദ്ര നിയമ കമ്മീഷന്റെ ശിപാർശ അത്യന്തം അപകടകരമായതിനാൽ അതിൽ നിന്നു കമ്മീഷൻ പിന്മാറണമെന്ന് അഖില കേരള പ്രൊ-ലൈഫ് സമിതി ആവശ്യപ്പെട്ടു. മാറാരോഗവും കഠിന വേദനയും കൊണ്ട് വലയുന്ന മരണാസന്നരായവരെ മോചിതരാക്കുന്നതിന് ദയാവധം അനുവദിക്കണമെന്ന് നിയമ കമ്മീഷൻ പാർലമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. ജസ്റ്റിസ് എ.ആർ ലക്ഷ്മണൻ ചെയർമാനായുള്ള നിയമകമ്മീഷൻ ആത്മഹത്യയ്ക്ക് ശ്രമിച്ച് പരാജയപ്പെടുന്നവരെ കുറ്റക്കാരായി കാണുന്ന ഇന്ത്യൻ പീനൽ കോഡ് 309-ാം വകുപ്പ് റദ്ദാക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ദൂരവ്യാപകങ്ങളായ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്ന തീരുമാനമാണിതെന്ന് പി.ഒ.സിയിൽ ചേർന്ന കെ.സി.ബി.സി ഫാമിലി കമ്മീഷന്റെ കീഴിലുള്ള

ജീവൻ ദൈവത്തിന്റെ ദാനമാണ്. ദൈവത്തിനു മാത്രമാണ് ജീവന്റെ മേൽ പരമാധികാരമുള്ളത്. മനുഷ്യജീവൻ അതിന്റെ ഉത്ഭവ നിമിഷം മുതൽ സ്വാഭാവിക അന്ത്യം വരെ സംരക്ഷിക്കപ്പെട്ടാൽ മാത്രമേ മനുഷ്യത്വം ആദരിക്കപ്പെടുകയുള്ളൂ. മനുഷ്യന്റെ വേദന കുറയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ വൈദ്യശാസ്ത്രത്തിൽ ഇന്നുണ്ട്.വൃദ്ധരെയും മരണാസന്നരെയും പരിപാലിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനാണ് സർക്കാരും സാമൂഹിക പ്രസ്ഥാനങ്ങളും ശ്രമിക്കേണ്ടത് 309-ാം വകുപ്പ് എടുത്ത് കളയുന്നതുവഴി ആത്മഹത്യകൾ വർധിക്കാനിടയാകും. ആത്മഹത്യാപ്രവണതയുള്ളവരെ മാനസികമായി സഹായിക്കാനുള്ള സംവിധാനങ്ങളും സംജാതമാക്കണമെന്നും സമിതി ആവശ്യപ്പെട്ടു.നിയമകമ്മീഷന്റെ തീരുമാനത്തിനെതിരേ സർക്കാരിനും പാർലമെന്റ് അംഗങ്ങൾക്കും നിയമ കമ്മീഷനും നിവേദനം നൽകാൻ യോഗം തീരുമാനിച്ചു. നിയമകമ്മീഷൻ അതിന്റെ തീരുമാനത്തിൽ നിന്നും പിന്മാറുകയാണ് വേണ്ടതെന്നും സമിതി പറഞ്ഞു. ഫാ.ജോസ് കോട്ടയിൽ, ഏബ്രഹാം പുത്തൻകുളം, സാബുജോസ്, അഡ്വ.ജോസി സേവ്യർ, ഡോ.ജോർജ് ലിയോൺസ്, സിസ്റ്റർ ഡോ.മാർസെലസ്, ജേക്കബ് പള്ളിവാതുക്കൽ, സി.എൽ ജോർജ് എന്നിവർ പ്രസംഗിച്ചു.

### 03. കൂടുതൽ കുട്ടികൾ ദ്രോഹമായി ചിത്രീകരിക്കുന്നത് അവഹേളനം : മാർ ആനിക്കുഴിക്കാട്ടിൽ

(28-07-2008)

കൂടുതൽ കുട്ടികൾ ജനിക്കുകയെന്നതു സാമൂഹികദ്രോഹമായി ചിത്രീകരിക്കുന്ന നയം ഈശ്വര വിശ്വാസികളോടുള്ള അവഹേളനമാണെന്നു കെസിബിസി ഫാമിലി കമ്മീഷൻ ചെയർമാൻ ബിഷപ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ. പാലാരിവട്ടം പി.ഒ.സിയിൽ നടന്ന അഖില കേരള പ്രോ ലൈഫ് സമിതിയുടെ ദ്വിദിന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കത്തോലിക്കാ സഭാ പ്രബോധനം ഉത്തരവാദിത്ത പൂർണമായ മാതൃത്വവും പിതൃത്വവുമാണ് പ്രോത്സാഹിപ്പിക്കുന്നത്. കഴിവും സാഹചര്യവുമുള്ളപ്പോൾ കുട്ടികളെ സ്വീകരിക്കാൻ വിമുഖത കാണിക്കുന്ന മനോഭാവം തെറ്റാണെന്നും അദ്ദേഹം പറഞ്ഞു. രണ്ടു കുട്ടികളിൽ കൂടുതൽ വേണമെന്നാഗ്രഹിക്കുന്ന മാതാപിതാക്കൾ സർക്കാർ ഖജനാവിലേക്ക് 10000 രൂപ പിഴയടക്കണമെന്ന ജസ്റ്റിസ് കൃഷ്ണയ്യരുടെ നേതൃത്വത്തിലുള്ള നിയമ പരിഷ്കരണ സമിതിയുടെ നിർദേശം പിൻവലിക്കണമെന്ന് അഖില കേരള പ്രോ- ലൈഫ് സമിതി സമ്മേളനം ആവശ്യപ്പെട്ടു. കുടുംബത്തിൽ രണ്ടിൽ കൂടുതൽ കുട്ടികളുണ്ടെങ്കിൽ അവർക്ക് സർക്കാരിന്റെ വിദ്യാഭ്യാസ സഹായങ്ങളോ ആനുകൂല്യങ്ങളോ നൽകരുത് എന്ന സമിതി നിർദേശം അംഗീകരിക്കാനാവില്ല. സംസ്ഥാനത്ത് അടിയന്തര ശ്രദ്ധ പതിക്കേണ്ട ഏറെ മേഖലകൾ ഉണ്ടായിട്ടും വാർത്തകളിൽ ഇടം പിടിക്കാനുള്ള ശ്രമമാണ് നിയമപരിഷ്കരണ സമിതിയുടേത്. മനുഷ്യാവകാശം നിഷേധിക്കാനുള്ള സമിതിയുടെ നീക്കം അപലപനീയമാണ്.

സ്ത്രീ ശാക്തീകരണത്തിന് പ്രാധാന്യം നൽകുന്ന ഇപ്പോഴത്തെ അവസ്ഥയിൽ അമ്മയാകാനുള്ള അടിസ്ഥാന മനുഷ്യാവകാശം സ്ത്രീകൾക്ക് നിഷേധിക്കുന്നത് ഭാരതീയ സംസ്കാരത്തിനു ചേർന്നതല്ല. കുടുംബ ക്ഷേമത്തിന് കാലോചിതമായ നിയമ നിർമാണം അനിവാര്യമാണ്. എന്നാൽ അതിനു ശ്രമിക്കാതെ കുഞ്ഞുങ്ങൾ കൂടുതലുണ്ടാകുന്നതാണ് കുടുംബത്തിന്റെയും രാജ്യത്തിന്റെയും അടിസ്ഥാന പ്രശ്നമെന്ന തെറ്റായ വിലയിരുത്തലാണ് സമിതി നടത്തിയിരിക്കുന്നത്. ഇത്തരം തീരുമാനങ്ങൾ വൻ സാമൂഹ്യ വിപത്തായി മാറുമെന്നും പ്രോ-ലൈഫ് സമ്മേളനം ചൂണ്ടിക്കാട്ടി. നിയമപരിഷ്കരണ സമിതിയുടെ ശിപാർശകൾക്കെതിരേ മനുഷ്യാവകാശ കമ്മീഷനു പരാതി നൽകാനും യോഗം തീരുമാനിച്ചു. കെസിബിസി ഫാമിലി കമ്മീഷ ൻ സെക്രട്ടറി ഫാ.ജോസ് കോട്ടയിൽ, ഏബ്രഹാം പുത്തൻകുളം, ജോർജ് സേവ്യർ,സിസ്റ്റർ മേരി മാർസലിൻ, ഡോ.ജോർജ് ലിയോൺ, സിസ്റ്റർ അമൃത, അഡ്വ.തോമസ് തണ്ണിപ്പാറ, സാബു ജോസ്, ജേക്കബ് മാത്യു എന്നിവർ പ്രസംഗിച്ചു.

**04. സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാമൂഹ്യ നീതി നടപ്പാക്കുന്നതിൽ കത്തോലിക്കാ സഭ ഒരുപടി മുന്നിൽതന്നെ: ഐക്യ-ജാഗ്രതാ കമ്മീഷൻ**

സുതാര്യതയുടെയും സാമൂഹ്യ നീതിയുടെയും പേരിൽ ക്രൈസ്തവ സ്ഥാപനങ്ങളെ വിമർശിക്കുന്നവർ ശ്രദ്ധിക്കുക! വിദ്യാഭ്യാസ ഗുണനിലവാരം, സുതാര്യത, സാമൂഹ്യനീതി എന്നിവ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പാക്കുന്നതിൽ കത്തോലിക്കാ സഭ മറ്റേതു സ്ഥാപനങ്ങളെക്കാളും ഒരുപടി മുന്നിലാണ്. സഭയുടെ സ്വാശ്രയസ്ഥാപനങ്ങളെ കച്ചവടസ്ഥാപനങ്ങളായി ചിത്രീകരിക്കുന്ന കേരളത്തിലെ കമ്യൂണിസ്റ്റുകാർ ഈ യാഥാർത്ഥ്യം മനസ്സിലാക്കേണ്ടത് അത്യാവശ്യമാണ്. സർക്കാരുമായി ധാരണയിലെത്തിയ സ്വാശ്രയ സ്ഥാപനങ്ങളിലെ ഫീസ് ഇന്റർ ചർച്ച് കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വാശ്രയ സ്ഥാപനങ്ങളിലെ ഫീസിനെക്കാൾ വളരെ അധികമാണ്.

| സർക്കാർ അനുവദിച്ച ഫീസ് ഘടന | ഇന്റർ ചർച്ച് കൗൺസിൽ നിർദ്ദേശിച്ച ഫീസ് |
|---|---|
| **ബിഎസ് സി നഴ്സിംഗ്**<br>50 ശതമാനം സർക്കാർ സീറ്റ് 40000 രൂപ.<br>35 ശതമാനം മാനേജ്മെന്റ് 78000 രൂപ<br>15 ശതമാനം എൻ.ആർ.ഐ രണ്ടുലക്ഷം. | ***ബിഎസ് സി നഴ്സിംഗ്***<br>എല്ലാ സീറ്റിലും ഒരേ ഫീസ്. ഓരോ കോളേജിന്റെയും നിലവാരമനുസരിച്ച് 55,000 -75,000രൂപ. പാവപ്പെട്ടവർക്ക് സഹായവും സ്കോളർഷിപ്പും. |
| **എൻജിനീയറിംഗ്**<br>50 ശതമാനം സർക്കാർ സീറ്റ്: 30,750,<br>കോഷൻ മണി: 10,000 രൂപ.<br>35 ശതമാനം മാനേജ്മെന്റ് സീറ്റ്: 90,000 ഫീസ് (അല്ലെങ്കിൽ 75 ശതമാനം ഫീസും 1.5 ലക്ഷം ഡിപ്പോസിറ്റും. | ***എൻജിനീയറിംഗ്***<br>എല്ലാവർക്കും ഒരേ ഫീസ്. 45,000 രൂപ ഫീസും ഒന്നരലക്ഷം ഡിപ്പോസിറ്റും (എല്ലാ കോളേജിലും പത്തു സീറ്റ് പാവപ്പെട്ടവർക്ക് 100 ശതമാനം ഫീസിളവിൽ) ഓരോ എൻജിനീയറിംഗ് വിദ്യാർത്ഥിക്കും അവർ നൽകുന്ന ഫീസിനു പുറമെ 75.000 രൂപ വീതം തിരുവനന്തപുരം സർക്കാർ കോളേജിൽ ചെലവഴിക്കുമ്പോഴാണിത്. |
| **മെഡിക്കൽ**<br>50ശതമാനംസർക്കാർസീറ്റ്:45,000രൂപ<br>35ശതമാനംമാനേജ്മെന്റ്:5.5ലക്ഷം രൂപ ഫീസും 5 ലക്ഷം രൂപ ഡിപോസിറ്റും<br>15 ശതമാനം എൻ.ആർ.ഐ : 9 ലക്ഷം ഫീസ്. | ***മെഡിക്കൽ***<br>നാലു കോളേജിലും 3.5 ലക്ഷം - 3.98 ലക്ഷം ഫീസ്. 25 ശതമാനം സീറ്റിൽ പാവപ്പെട്ടവർക്ക് 10000 രൂപ മാത്രം ഫീസ്. (ആശുപത്രി ചെലവുകൂടി കണക്കിലെടുത്താൽ ഒരു വിദ്യാർത്ഥിക്ക് ആറുലക്ഷം രൂപ ചെലവിടുന്നിടത്താണിത്. |

സ്വാശ്രയ വിദ്യാഭ്യാസ കരാറിൽ ഒപ്പിട്ടവർക്ക് ഉയർന്ന ഫീസ് വാങ്ങാൻ അനുമതി. അതോടൊപ്പം എന്തു ചെയ്യാനും മൗനാനുവാദം. എന്നാൽ കരാറിൽ ഒപ്പിടാത്തവരെ നിരന്തരം പീഡിപ്പിക്കുന്നു. ഗവൺമെന്റുമായി കരാർ ഒപ്പിടുന്നു എന്നു പറഞ്ഞാൽ

1. മെഡിക്കൽ: 3.15 ലക്ഷം ഫീസ് വാങ്ങുന്നിടത്ത് 5.5 ലക്ഷം ഫീസും അഞ്ചു ലക്ഷം ഡെപ്പോസിറ്റും വാങ്ങാൻ അനുമതി.
2. എൻജിനീയറിംഗ്: 45.000 ഫീസ് വാങ്ങുന്നിടത്ത് 90,000 ഫീസ് വാങ്ങാൻ പ്രത്യേക അവകാശം.
3. എൻജിനിയറിംഗ് കോളേജുകളിലെ മാനേജ്മെന്റ് (90,000രൂപ ഫീസ് അഥവാ ഒന്നരലക്ഷത്തിന്റെ ഡെപ്പോസിറ്റും 750000 രൂപ ഫീസും ഈടാക്കാം). എൻ.ആർ.ഐ (ഒന്നര ലക്ഷത്തിന്റെ ഡിപ്പോസിറ്റും ഒന്നരലക്ഷം ഫീസും ഈടാക്കാം. സീറ്റുകളിലെ ഫീസ് മാറ്റം വരുത്തിയാണ് കരാറിൽ ഒപ്പുവച്ചത്. വളരെ സ്വകാര്യമായി ഇഷ്ടം പോലെ ഫീസ് പിരിക്കാനുള്ള അനുമതി സർക്കാരുമായുള്ള കരാർ നൽകുന്നു

### 05. സമരങ്ങൾ അക്രമരഹിതമാകണം: കെ.സി.വൈ.എം

കേരളത്തിൽ വിവിധവിഷയങ്ങളുമായി ബന്ധപ്പെട്ട് സമരം നടത്തുന്നവരും അതിനെ എതിർക്കുന്നവരും അക്രമത്തിന്റെ പാത തേടുന്നത് ജനാധിപത്യ രാജ്യത്തിന് ചേരുന്നതല്ലെന്ന് കെ.സി.വൈ.എം സംസ്ഥാനസമിതി അഭിപ്രായപ്പെട്ടു. സമരക്കാരെ ആശയപരമായി നേരിടുന്നതിനു പകരം കായികമായി നേരിടുമെന്ന പ്രഖ്യാപനങ്ങൾ നാട്ടിൽ അക്രമം വളർത്താനേ സഹായിക്കൂ. ഇതിൽ നേട്ടമുണ്ടാക്കുക സാമൂഹ്യവിരുദ്ധരാണ് എന്ന സത്യം നാം മറക്കരുത്. പാഠപുസ്തക സമരവുമായി ബന്ധപ്പെട്ട് ഒരദ്ധ്യാപകന്റെ ജീവൻ പൊലിഞ്ഞത് അങ്ങേയറ്റം വേദനാജനകമാണ്. ഈ പ്രശ്നത്തിൽ ശാസ്ത്രീയമായ അന്വേഷനം നടത്തി കുറ്റവാളികളെ കണ്ടെത്തി മാതൃകാപരമായ ശിക്ഷ നൽകണമെന്ന് കെ.സി.വൈ.എം ആവശ്യപ്പെട്ടു.

കെ.സി.വൈ.എം സംസ്ഥാന പ്രസിഡന്റ് എജി പാറപ്പാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സംസ്ഥാന ഭാരവാഹികളായ സോണി പവേലിൽ, റാണി സെബാസ്റ്റ്യൻ, ബിജു മാത്യു അരീക്കാട്ട്, തോമസ് മത്തായി, സിമി എബ്രഹാം, ജോമി ദേവസ്യ, സനൽ കുമാർ, പ്രിൻസിയ പീറ്റർ, സംസ്ഥാന ഡയറക്ടർ ഫാ. ജെയ്സൺ കൊള്ളന്നൂർ, അസി. ഡയറക്ടർ സിസ്റ്റർ ജീൻ മേരി എന്നിവർ സംസാരിച്ചു.

### 06. ഈശ്വരനിന്ദ വളർത്താൻ സംഘടിതശ്രമം: ബിഷപ് ഗീവർഗീസ് മാർ ദിവന്നാസിയോസ് 28-07-2008

കേരള സർക്കാർ തങ്ങളുടെ അധികാരം ഉപയോഗിച്ച് ഈശ്വരനിന്ദ വളർത്താനും മതത്തെ തിന്മയായി ചിത്രീകരിക്കാനുമുള്ള സംഘടിതശ്രമം നടപ്പാക്കുകയാണെന്നു കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ ദൈവവിളിക്കായുള്ള കമ്മീഷന്റെ ചെയർമാനായ ബത്തേരി ബിഷപ് ഗീവർഗീസ് മാർ ദിവന്നാസിയോസ് ആരോപിച്ചു. കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയമായ പി. ഒ.സി.യിൽ ചേർന്ന വിവിധ രൂപതകളിൽനിന്നുള്ള ചെറുപുഷ്പമിഷൻ ലീഗിന്റെ ഡയറക്ടർമാരുടെ സംസ്ഥാനതല സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബിഷപ്. ബിനോയ് സെബാസ്റ്റ്യൻ പള്ളിപറമ്പിൽ അധ്യക്ഷനായിരുന്നു. കെ.സി.ബി.സി. ഡപ്യൂട്ടി സെക്രട്ടറി റവ.ഡോ. സ്റ്റീഫൻ ആലത്തറ, മിഷൻലീഗ് സംസ്ഥാന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വടക്കേൽ, ജനറൽ സെക്രട്ടറി ജോസ് മൈക്കിൾ എന്നിവർ പ്രസംഗിച്ചു.ഏഴാം ക്ലാസിലെ പാഠപുസ്തകം പിൻവലിക്കുന്നതിനുവേി കേരളസഭ നടത്തുന്ന സമരം മിഷൻലീഗ് വഴി ശക്തമാക്കാനും ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാനും യോഗം തീരുമാനിച്ചു.

### 07. പ്രക്ഷോഭം ശക്തമാക്കും: കെ.സി.ബി.സി മദ്യവിരുദ്ധ സമിതി 29-07-2008

സംസ്ഥാനത്തുടനീളം മദ്യശാലകൾ തുറന്നുകൊടുത്തും വ്യാജമദ്യമാഫിയയെ പ്രീണിപ്പിച്ചും ജനദ്രോഹപരമായ മദ്യനയം പാവപ്പെട്ട ജനങ്ങളിലേക്ക് അടിച്ചേൽപ്പിക്കുന്ന ഇടതു സർക്കാരിന്റെ നയത്തിനെതിരേ പ്രക്ഷോഭസമരപരിപാടികൾ കൂടുതൽ ശക്തമാക്കുമെന്നു കേരള കാത്തലിക് ബിഷപ്സ് കൗൺസിൽ മദ്യവിരുദ്ധ കമ്മീഷൻ ചെയർമാൻ ബിഷപ് ഡോ.സെബാസ്റ്റ്യൻ തെക്കേത്തേച്ചേരിൽ മുന്നറിയിപ്പ് നൽകി. കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയുടെ ദശാബ്ദിയാഘോഷങ്ങൾക്കായുള്ള സംസ്ഥാന ഭാരവാഹികളുടെയും രൂപതാ ഭാരവാഹികളുടെയും സംയുക്തയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. യോഗത്തിൽസമിതി സെക്രട്ടറി ഫാ.പോൾ കാരാച്ചിറ അധ്യക്ഷനായിരുന്നു. സംസ്ഥാന സെക്രട്ടറിമാരായ പ്രസാദ് കുരുവിള, ആന്റണി ജേക്കബ്, പോൾ ഇടക്കൂടൻ, സാറാമ്മ ജോസഫ്, സിസ്റ്റർ ജോവിറ്റ, ജയിംസ് മുട്ടയ്ക്കൽ, റീജിയണൽ ഡയറക്ടർ ഫാ.ജോജു എന്നിവർ പ്രസംഗിച്ചു. ദശാബ്ദിയാഘോഷ സമാപനം ഡിസംബറിൽ റാലിയോടെയും വിപുലമായ സമരപരിപാടികളോടെയും സംഘടിപ്പിക്കും. പരിപാടികളിൽ കേന്ദ്രമന്ത്രിമാരും മതമേലധ്യക്ഷൻമാരും സാംസ്കാരിക നയാകൻമാരും പങ്കെടുക്കും.